അതു പാസ്സായാൽ, ഈ സ്റ്റേറിനുകൂടി ബാധകമാകുന്ന പ്രൊവിഷൻ ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ടു ആ ബില്ലുതന്നെ ഇവിടത്തേയ്ക്കും മതിയാകുമോ എന്നുള്ള കാര്യം ചർച്ചചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ: വളരെക്കാലമായിട്ടു, ഇതു സംബന്ധിച്ചു പിൽ ചെയ്തു നിയമസഭയിൽകൊണ്ടുവരും, അടുത്ത നിയമസഭയിൽകൊണ്ടുവരും എന്നു ഗവണ്മെൻറുഭാഗത്തുനിന്നും പറയാറുണ്ട്. കഴിഞ്ഞപ്രാവശ്യം ശ്രീ. ഡി. വിവേകാനന്ദൻ ഒരു അനുദ്യോഗസ്ഥബിൽ അവതരിപ്പിച്ചപ്പോഴും ഗവണ്മെൻറുഭാഗത്തുനിന്നും ഈ കാരണംപറഞ്ഞു അതു പിൻവലിപ്പിക്കുകയല്ലേ ചെയ്തതു?

ശ്രീ. കെ. ഐ. വേലായുധൻ: സെൻട്രൽഗവണ്മെൻറിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്ന മേട്ടർ വെഹിക്കിൾസ് ആക്ടും, ഈ സ്റ്റേറിനുകൂടി ബാധകമാകാത്തപക്ഷം, ഇതു സംബന്ധിച്ചു പ്രത്യേകം ഒരു ബിൽ ഇവിടെ വേണമോ വേണ്ടയോ എന്നു ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ: കഴിഞ്ഞപ്രാവശ്യം ഇവിടെ അവതരിപ്പിച്ച അനുദ്യോഗസ്ഥബില്ലിന്റെ സ്ഥിതിയെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ: അതു് സെലക്ടുകമ്മിറ്റിയുടെ പരിശോധനയിലിരിക്കുകയാണ്.

ശ്രീ തോപ്പിൽ ഭാസ്കരൻ പിള്ള: സപരാജ്മോട്ടോഴ്സ് മാനേജർ അവസാനമായി തെറ്റുപറ്റിരിക്കുന്നതുകൊണ്ടു ഈ സെഷനിൽതന്നെ ഈ ബിൽ കൊണ്ടുവരുകതന്നെ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ആയുർവ്വേദ കാളേജുകൾ.

* 145. [17] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു് എത്ര ആയുർവ്വേദ കാളേജുകൾ ഉണ്ടു്;

(ബി) ഇതിൽ പ്രൈവറ്റു കാളേജുകൾ എത്ര; അതു എവിടെയെല്ലാം;

(സി) ഏറ്റുമാനൂരുള്ള മാധവ ആയുർവ്വേദകാളേജിനു വേണ്ടി അപേക്ഷകരിൽനിന്നും ഫീസു പിരിച്ചു് അതുകൊണ്ടു് മറ്റുനിവൃത്തിയില്ലാതായി ഒരു കെട്ടിടം നിർമ്മിക്കുകയാണ് ചെയ്തതെന്നുള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) സംസ്ഥാനത്തു് ഒരു ആയുർവ്വേദ കാളേജ് ഉണ്ടു്.

(ബി) മാധവ ആയുർവ്വേദകാളേജ് എന്നൊരു പ്രൈവറ്റ് കാളേജ് എറണാകുളത്തു് ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാധവ ആയുർവ്വേദകോളേജിന് പൊതുജനങ്ങളിൽനിന്നും പണം പിരിച്ചു, അതു കൊണ്ട് കെട്ടിടം നിർമ്മിച്ചു എന്നു പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ ടി. കെ. ബാവാ: മാധവ കോളേജിനു ഗവണ്മെന്റ് എന്തെങ്കിലും സഹായധനം നൽകുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: ഇല്ല.

ശ്രീ. ടി. കെ. ബാവ: ഈ കോളേജിന്റെ സിലബസ്സ് ഈ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം. ഈ കോളേജ് യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ളതല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഗവണ്മെന്റ് മാധവ ആയുർവ്വേദകോളേജിനു എന്തെങ്കിലും അംഗീകാരം നൽകിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: പൊതുജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിയായി സ്പർശിക്കുന്ന ഈ സ്ഥാപനം എന്തടിസ്ഥാനത്തിലാണ നടത്തിക്കൊണ്ടുപോകുന്നതു?

ശ്രീ. എ. എ. റഹിം: ഇതുപോലെ മറ്റു ചില സ്ഥാപനങ്ങളും ഇവിടെ നടത്തുന്നുണ്ട്. അതുപോലെ മാത്രമെ ഇതും ഉള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: മാധവ ആയുർവ്വേദകോളേജിൽ ഡിപ്ലോമോ പാസായവർക്കു പ്രാക്റ്റീസിനു അനുവാദം നൽകിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ അനുവാദം കൊടുക്കാനിടയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: മാധവ ആയുർവ്വേദകോളേജിൽ നിന്നും പരീക്ഷപാസായി പുറത്തുവന്നിട്ടുള്ള ആളുകൾ പ്രാക്റ്റീസു ചെയ്യുന്നതായി പ്രത്യേകം പ്രത്യേകം പേരുപറഞ്ഞു ബോദ്ധ്യപ്പെടുത്തിയാൽ അതിനെ നിരോധിക്കാൻ ഗവണ്മെന്റ് തയാറാകുമോ?

ശ്രീ. എ. എ. റഹിം: അതിനെപ്പറ്റി അന്വേഷിച്ചിട്ടു മറുപടി പറയാൻ നിവൃത്തിയുള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ആയുർവ്വേദകോളേജു വിദ്യാർത്ഥികൾ, പഠിച്ചതു പ്രാക്റ്റീസുചെയ്യുവാൻ അനുവാദം ചോദിച്ചു അവസരത്തിൽ, മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ് അതിനു അനുവദിക്കുന്നില്ലെന്നകാരണം പറഞ്ഞു, രജിസ്റ്റർചെയ്യുന്നതിനു തടസ്സം പറഞ്ഞ ഗവണ്മെന്റ്, ഒരു പഞ്ചായത്തു ലൈസൻസു പേലും എടുക്കാത്ത ഒരു കോളേജിനെ സംബന്ധിച്ചു ഏറ്റവും നിരുത്തരവാദപരമായ ഒരു നിലപാടു സ്വീകരിക്കാൻ കാരണമെന്താണ്?

ശ്രീ. എ. എ. റഹിം: അതുസംബന്ധിച്ചു വിശദവിവരങ്ങൾ കിട്ടിയതിനു ശേഷമെ മറുപടി പറയാൻ നിവൃത്തിയുള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഗവണ്മെന്റ് അതിനു ഗ്രാന്റു കൊടുക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ റഹീം : ഇപ്പോൾ കൊടുക്കുന്നില്ല.

ശ്രീ. പോപ്പിൽ ജോസ്കരൻ : എന്നു മുതൽ കൊടുക്കുന്നില്ല ?

ശ്രീ. എ. എ. റഹിം : പ്രത്യേകം നോട്ടീസുകിട്ടിയാൽ പറയാം.

ട്രാൻസ്പോർട്ട് ഡിപ്പോകൾ.

* 146. [18] ശ്രീ. എം. എ. മുതായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുപകൂപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ഡിപ്പോകൾക്കായി ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

മരാമത്തുപകൂപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ)

(എ) ഉണ്ട്.

(ബി) ഉണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : ട്രാൻസ്പോർട്ട് ഡിപ്പോവത്കരണം സംബന്ധിച്ചു നിയമിതമായ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : സമർപ്പിച്ചിട്ടുണ്ട്. അതു ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്ജ് : ആ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനായി ഗവണ്മെന്റ് നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഈ റിപ്പോർട്ടിലെ പ്രധാന ഭാഗങ്ങൾ നമ്മുടെ പത്രങ്ങളിൽ വന്നുകഴിഞ്ഞതായി ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : റിപ്പോർട്ടിലുള്ള ഭാഗങ്ങൾ പത്രങ്ങളിൽ വന്നതായി അറിവില്ല.

ശ്രീ. എം. എം. മുതായി : ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : റിപ്പോർട്ടിനെപ്പറ്റി ചർച്ച നടന്നതിനുശേഷം തീരുമാനിക്കുന്നതാണ്.

ശ്രീ. എം. എ. മുതായി : എത്ര കാലത്തിനകം ഒരു തീരുമാനം എടുക്കും.

ശ്രീ. കെ. ഐ. വേലായുധൻ : എത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ.

LIBRARY ARCHIVES Kerala Legislative Assembly